ആഭ്യന്തര/വിദേശ ടൂറിസ്റ്റുകൾ

108 (400) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ ടൂറിസം സീസണിൽ എത്ര ആഭ്യന്തര/വിദേശ ടൂറിസ്റ്റുകൾ വീതം എത്തിയെന്ന് അറിയിക്കുമോ ; ആയതുവഴി എത്ര കോടി രൂപയുടെ വരുമാനം സംസ്ഥാനത്തിന് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ടൂറിസം സീസണിലെ വരുമാനത്തിൽ 2008, 2009 വർഷങ്ങളിലെ വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഒക്ടോബർ മുതൽ ഫെബ്രുവരി വരെ ഈ ടൂറിസം സീസണിൽ സംസ്ഥാനത്തെത്തിയ ആഭ്യന്തര/വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ശേഖരിച്ചു വരുന്നതേയുള്ളൂ. ആയതിനാൽ വരുമാനം സംബന്ധിച്ച കണക്കുകൾ തയ്യാറാക്കിയിട്ടില്ല.

ടൂറിസം വികസന കാര്യത്തിൽ സ്വീകരിച്ച നടപടികൾ

109 (401) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം വികസന കാര്യത്തിൽ ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സംസ്ഥാനം സന്ദർശിക്കുന്ന വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചുവർഷത്തെ കണക്ക് നൽകുമോ;

(ഡി) ടൂറിസം മേഖലയിലുള്ള അനാശാസ്യ പ്രവണതകളും ചൂഷണവും തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യവികസനത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചും തെരഞ്ഞെടുത്ത ഡെസ്റ്റിനേഷനുകളിൽ പുതിയ പദ്ധതികൾക്ക് തുടക്കമിട്ടും നൂതന ടൂറിസം വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചും ബഹുമുഖ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഇതനുസരിച്ച് സംസ്ഥാനം സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിലും വരുമാനത്തിലും ക്രമാനുഗതമായ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ ടൂറിസം സാദ്ധ്യതകളെക്കുറിച്ച് സർവ്വേകളും പഠനങ്ങളും നടത്തി നിലവിലുള്ള കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികളെക്കുറിച്ചുള്ള പഠനങ്ങളിലൂടെയും ടൂറിസം മേഖലയുടെ വികസനത്തിനുള്ള നിരവധി പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. കഴിയുന്നത്ര കേന്ദ്ര സഹായം നേടിയെടുക്കുന്നതിനും അത് ടൂറിസം കേന്ദ്രങ്ങളുടെ വികസനം, ഉത്സവങ്ങളുടെയും മേളകളുടേയും നടത്തിപ്പ്, ഗ്രാമീണടൂറിസം വികസനം,

LIBRARY ARCHIVES Kerala Legislative Assembly

പൈതൃക സംരക്ഷണം എന്നിവയ്ക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിപണന രംഗത്ത് നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ടൂറിസം വ്യവസായത്തെ ലക്ഷ്യമാക്കിക്കൊണ്ട് വിവര സാങ്കേതിക വിദ്യ ഫല പ്രദമായി ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതികളും വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും മുടങ്ങിയ പദ്ധതികൾ പുനരാരംഭിക്കുന്നതിനും വകുപ്പ് മുന്തിയ പരിഗണന നൽകിവരുന്നു. ടൂറിസ്റ്റുകൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുന്നതിന്റെ ഭാഗമായി, വകുപ്പിന്റെ കീഴിലുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ വിനോദസഞ്ചാരികൾക്ക് താമസസൗകര്യം, നേരത്തെ നിശ്ചയിക്കുന്നതിനായി മാൺലൈൻ ഹോട്ടൽ ഫൈൻഡർ, ഓൺലൈൻ റൂം റിസർവേഷൻ, ഓൺലൈൻ ബ്രോഷർ ഡൗൺലോഡ് എന്നീ പദ്ധതികളും തുടങ്ങിയിട്ടുണ്ട്. ഇതു കൂടാതെ:

1. ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണം
2. കൊടുങ്ങല്ലൂർ ആസ്ഥാനമാക്കി മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി
3. ഫാം ടൂറിസത്തിന്റെ സാദ്ധ്യതകൾ വിനിയോഗിക്കുന്നതിനുള്ള ഗ്രീൻഫാം ടൂറിസം പദ്ധതി
4. മാനവശേഷി വികസനത്തിനായുള്ള ലെറ്റസ് ലേൺ ട്രെയിനിംഗ് പ്രോഗ്രാം
5. പാതിരാമണൽ ബയോപാർക്ക് വികസനം
6. സപര്യാ പദ്ധതി
7. തലശ്ശേരി കേന്ദ്രമായി പൈതൃക സംരക്ഷണ പദ്ധതി
8. മൂന്നാർ ടൗൺഷിപ്പ്
9. ആലപ്പുഴയിലെയും വയനാട്ടിലെയും മെഗാ ടൂറിസം പ്രോജക്ടുകൾ
10. DMC-കൾ രൂപീകരിക്കുന്ന പദ്ധതികൾക്ക് പ്രത്യേക ധനസഹായം
11. ടൂറിസ്റ്റുകളുടെ വരവ് സംബന്ധിച്ച് E-സബ്മിഷൻ
12. ഓൺലൈൻ ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ
13. സി-ഫോമുകളുടെ സബ്മിഷൻ ഓൺലൈനായി
14. ഓൺലൈൻ റൂം റിസർവേഷൻ
15. രാജധാനി എക്സ്പ്രസ് ബ്രാന്റിംഗ്
16. പുതിയ കൊമേഴ്സ്യൽ ഫിലിമിന്റെ നിർമ്മാണം
17. പാർട്ട്ണർഷിപ്പ് മീറ്റുകൾ തുടങ്ങിയ പദ്ധതികളും ടൂറിസം വകുപ്പ് നടത്തിവരുന്നു.

(ബി) കേരളത്തിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി കഴിഞ്ഞ വർഷം റോം, ബ്രസൽസ്, ലിയോൺ, മ്യൂനിച്ച്, ആംസ്റ്റർഡാം എന്നീ നഗരങ്ങളിൽ പാർട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചു. സ്കാൻഡിനേവിയൻ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യങ്ങളിലെ പ്രധാനപ്പെട്ട നാല് നഗരങ്ങളിലും ഇംഗ്ലണ്ടിലെ നാല് നഗരങ്ങളിലും റോഡ് ഷോകളും സംഘടിപ്പിച്ചു. ഈ വർഷം ഇതിനകം ജനീവ, വിയന്ന എന്നീ നഗരങ്ങളിൽ പാർട്ട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചു. വരുന്ന ജനുവരി, മാർച്ച് മാസങ്ങളിലായി ജർമ്മനിയിലും-അയർലണ്ടിലും-ലണ്ടനിലും റോഡ് ഷോകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. വിദേശസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി വിവിധ അന്താരാഷ്ട്ര ഫെയറുകളിൽ ടൂറിസം വകുപ്പ് സജീവമായി പങ്കെടുത്ത് പ്രചാരണം നടത്തിവരുന്നു. നവംബറിൽ ലണ്ടനിൽ നടന്ന ലണ്ടൻ ഫെയറിൽ പങ്കെടുത്തു. കൂടാതെ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി നടക്കുന്ന FITVR-സ്പെയിൻ, ITB-ബർലിൻ TVR ഗോതൻബർഗ് എന്നീ ഫെയറുകളിലും പങ്കെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

പരസ്യപ്രചരണത്തിന്റെ ഭാഗമായി അന്തർദ്ദേശീയ തലത്തിൽ പ്രചാരത്തിലുള്ള മികച്ച ടൂറിസം മാഗസിനുകളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും പ്രചാരണങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അന്താരാഷ്ട്ര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ഇംഗ്ലണ്ടിലെ ടൂർ ഓപ്പറേറ്റർമാർക്ക് കേരളത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി ഒരു ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു വരുന്നു. ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ദേശീയതലത്തിൽ സംഘടിപ്പിക്കുന്ന 20-ഓളം ഫെയറുകളിൽ ടൂറിസം വകുപ്പ് പങ്കെടുത്ത് പ്രചാരണം നടത്തിവരുന്നു. കൂടാതെ ഇന്ത്യയിലെ പ്രധാനപ്പെട്ട 15-ഓളം നഗരങ്ങളിൽ പാർട്ട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) സംസ്ഥാനം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 2009 വർഷം ഒഴികെ കഴിഞ്ഞ 5 വർഷ കാലയളവിൽ എല്ലാ വർഷവും മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ താഴെ ചേർത്തിരിക്കുന്നു:

വർഷം	വിദേശ ടൂറിസ്റ്റുകളുടെ എണ്ണം	മുൻവർഷത്തേതിൽ നിന്നുള്ള വ്യത്യാസം (ശതമാനത്തിൽ)
2005	3,46,499	0.28
2006	4,28,534	23.68
2007	5,15,808	20.37
2008	5,98,929	16.11
2009	5,57,258	-6.96

(ഡി) ടൂറിസം മേഖലയിലുള്ള അനാശാസ്യ പ്രവണതകളും ചൂഷണവും

LIBRARY ARCHIVES Kerala Legislative Assembly

തടയുന്നതിനായി ടൂറിസ്റ്റുകൾക്ക് നിലവാരമുള്ള താമസസൗകര്യം കുറഞ്ഞ ചെലവിൽ ഹോംസ്റ്റേ പദ്ധതിപ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. അംഗീകാരമുള്ള ഹോംസ്റ്റേകളെ സംബന്ധിച്ച വിവരം വകുപ്പിന്റെ വെബ്സൈറ്റിലൂടെയും ബ്രോഷറിലൂടെയും നൽകിവരുന്നു. സംസ്ഥാനത്തെ പ്രധാനപ്പെട്ട ഹോട്ടലുകളെ സംബന്ധിച്ച വിവരം ബ്രോഷർ, വെബ്സൈറ്റ്, സി.ഡി എന്നിവയിലൂടെയും ടൂറിസ്റ്റുകളെ അറിയിക്കുന്നു. ആയുർവ്വേദ ചികിത്സാ രംഗത്ത് നിലനിൽക്കുന്ന ദുഷ്പ്രവണതകൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി ആയുർവ്വേദ ക്ലാസിഫിക്കേഷൻ സ്കീം നടപ്പാക്കിയിട്ടുണ്ട്. ടൂറിസ്റ്റുകളുടെ സുരക്ഷയുടെ ഭാഗമായി ടൂറിസം പോലീസിന്റെ സേവനം പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഇൻഫർമേഷൻ സെന്ററുകൾ വഴി ആവശ്യമായ വിവരം ടൂറിസ്റ്റുകൾക്ക് നൽകിവരുന്നു. ടൂറിസം മേഖലയിൽ അനാശാസ്യ പ്രവണതകൾ ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുമായി ചർച്ചകൾ നടത്തുകയും അതനുസരിച്ച് നടപടി എടുക്കുകയും ചെയ്യുന്നുണ്ട്.

നിലവിലെ ചട്ടങ്ങളിൽ കാലാനുസൃതമായ ഭേദഗതി വരുത്തി ടൂറിസം പ്രൊമോഷനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ നടപടി

110 (402) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിലും കായലുകളിലും ഉള്ള ദ്വീപുകളുടെ മനോഹാരിത ഉപയോഗപ്പെടുത്തി ലോകത്ത് എല്ലായിടത്തും ടൂറിസം വികസിപ്പിക്കുമ്പോൾ കേരളത്തിൽ ദ്വീപുകളിൽ ടൂറിസം സംരംഭങ്ങൾക്ക് തടസ്സമാകുന്ന രീതിയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള റോഡ് അക്സസ് ദ്വീപുകളിലേക്ക് ഇല്ല എന്ന കാരണത്താൽ നിർമ്മാണ അനുമതി നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്ത് ഒരു റിസോർട്ട് തുടങ്ങുന്നതിന് നൽകിയ അപേക്ഷ റോഡ് അക്സസ് ഇല്ല എന്ന കാരണത്താൽ തദ്ദേശ സ്വയംഭരണ വകുപ്പ് നിരസിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം തടസ്സങ്ങൾ ഒഴിവാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ഉന്നതാധികൃതരുമായി ആലോചിച്ച് ചട്ടങ്ങളിൽ കാലാനുസൃതമായ ഭേദഗതി വരുത്തി ടൂറിസം പ്രൊമോഷനുള്ള സാദ്ധ്യതകൾ വിപുലപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്

(സി) കാലാനുസൃതമായ ഭേദഗതി നിർദ്ദേശങ്ങളിന്മേൽ സർക്കാരിന് നയപരമായ തീരുമാനം സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly